## III ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. ശിവദാസൻ നായർ, കെ.എൻ.എ. ഖാദർ, രാജു എബ്രഹാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV റൂളിംഗ്

### ചോദ്യങ്ങൾ അനുവദിക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും ഇവിടെ ക്രമപ്രശ്നം എഴുതിത്തന്നിട്ടുണ്ട്. ഇന്ന് നിയമസഭയിൽ വന്ന രണ്ടുമൂന്ന് ചോദ്യങ്ങളെ സംബന്ധിച്ചാണ് ക്രമപ്രശ്നം എഴുതിത്തന്നത്. ശ്രീ. എ. കെ. ബാലൻ ചോദ്യോത്തര സമയത്ത് ഇക്കാര്യം ഉന്നയിക്കുകയും ചെയ്തു. നമ്മുടെ നിയമസഭയിൽ ചോദ്യങ്ങൾ അനുവദിക്കുന്നതിന് വ്യക്തമായ ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എപ്പോഴും ചോദ്യങ്ങൾ അനുവദിക്കുന്നത്. ചോദ്യോത്തരങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായ നിർദ്ദേശങ്ങൾ വരുന്നത് ചട്ടം 36-ൽ ആണ്. 36 (2) (സി) പ്രകാരം ചോദ്യത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ വിശേഷണങ്ങളോ അപകീർത്തികരമായ സ്റ്റേറ്റുമെന്റുകളോ ഉണ്ടാകരുതെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. അതുപോലെ 36(2) (ഡി) വകുപ്പുപ്രകാരം അഭിപ്രായ പ്രകടനത്തിനായി ചോദ്യം ചോദിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ ചോദ്യം മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ വരുന്നതിനാലാണ് അനുമതി നിഷേധിച്ചത്. ബാർ കോഴ കേസുമായി ബന്ധപ്പെട്ട കാര്യത്തിൽ കോടതിയിൽ ഹർജി നൽകിയതിന്റെ അടിസ്ഥാനത്തിലും 164 സ്റ്റേറ്റ്മെന്റ് കോടതി മുൻപാകെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് വിജിലൻസ് നടപടി സ്വീകരിച്ചിട്ടുള്ളത്. നിയമസഭാ നടപടി ചട്ടം 36 (2) (റ്റി) പ്രകാരം നീതിന്യായ കോടതിയുടെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച് ചോദ്യങ്ങൾ അനുവദിക്കാറില്ല. ആയതിനാലാണ് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലന്റെ ചോദ്യത്തിന് അനുമതി നിഷേധിച്ചത്.

ശ്രീ. എ. കെ. ബാലൻ: അങ്ങ് എനിക്ക് ഇത് ഉന്നയിക്കാനുള്ള അവസരം തരാമെന്നു പറഞ്ഞിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ബാലൻ, അങ്ങ് ഉന്നയിച്ചു, ഞാൻ അതിനെപ്പറ്റി റൂളിംഗും നൽകി. ഇനിയൊരു ഡിസ്കഷനിലേക്ക് പോകുന്നത് ശരിയല്ല. ദയവായി അങ്ങ് തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കരുത്.

---

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ഞാൻ തെറ്റായ ഒരു കീഴ്‌വഴക്കവും സൃഷ്ടിക്കുന്നില്ല. അങ്ങ് നേരത്തെ തന്നെ ക്രമപ്രശ്നം ഉന്നയിക്കാനുള്ള അവസരം തരണമായിരുന്നു. അതിനുശേഷമാണ് റൂളിംഗ് നൽകേണ്ടിയിരുന്നത്.

മി. സ്പീക്കർ: അങ്ങ് രേഖാമൂലം ചെയറിന് എഴുതിത്തന്നു. അങ്ങ് എഴുതി തരാതെ റെയ്സ് ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അതിനുശേഷം റൂളിംഗ് നൽകുമായിരുന്നു. ദയവായി റൂളിംഗിനുശേഷം വിശദീകരിക്കാൻ ശ്രമിക്കരുത്. തെറ്റായ ഒരു കീഴ്‌വഴക്കം സൃഷ്ടിക്കാൻ അങ്ങ് ശ്രമിക്കരുത്. അങ്ങ് ഇരിക്കൂ. 36 (റ്റി) ഞാൻ വായിക്കാം. "നീതിന്യായ സംബന്ധമായ ഏതെങ്കിലും ജോലികളോ അല്ലെങ്കിൽ അർദ്ധ നീതിന്യായ കോടതി സംബന്ധമായ ഏതെങ്കിലും ജോലികളോ നിർവ്വഹിക്കാനായി നിയമപ്രകാരം ഏർപ്പെടുത്തപ്പെട്ട ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടെയോ ഏതെങ്കിലും കാര്യത്തെപ്പറ്റി അന്വേഷണ വിചാരണയോ അന്വേഷണമോ നടത്താനായി നിയമിക്കപ്പെട്ട ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ വിചാരണ കോടതിയുടെയോ മുൻപാകെ തീർപ്പാകാതെ നിലവിലിരിക്കുന്ന കാര്യങ്ങളെപ്പറ്റി സാധാരണയായി ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല." അതു വ്യക്തമായി ചട്ടത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് ചോദ്യം നിരസിച്ചത്. ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് നിയമസഭയിൽ ചോദ്യം നിഷേധിച്ചതാണ്. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ അങ്ങ് ദയവായി സഹകരിക്കണം. ക്രമപ്രശ്നം ഉന്നയിക്കേണ്ടതായിരുന്നു. അങ്ങ് അത് ആവശ്യപ്പെട്ടില്ല.

ശ്രീ. എ. കെ. ബാലൻ: ഞാൻ ആവശ്യപ്പെട്ടിരുന്നു.

മി. സ്പീക്കർ: രണ്ടാമത് ഞാൻ റൂളിംഗ് നൽകാൻ തുടങ്ങിയപ്പോൾ അങ്ങ് പറഞ്ഞാൽ മതിയായിരുന്നു. എന്നാൽ അപ്പോൾ അങ്ങ് പറഞ്ഞില്ല.

9.40 A.M.]

## V അടിയന്തരപ്രമേയം

### ബാർ കോഴ

മി. സ്പീക്കർ: എക്സൈസ് മന്ത്രിക്ക് 10 കോടി രൂപ കോഴ നൽകിയതിന്റെ തെളിവുകളുമായി ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ ക്രിമിനൽ നടപടി നിയമം 164-ാം വകുപ്പനുസരിച്ച് മൊഴി നൽകി മാസം രണ്ടു കഴിഞ്ഞിട്ടും മന്ത്രി